# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1120** — **04.12.2014 ൽ മറുപടിക്കുണ്ടായിരുന്നത്**

### എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണവും അദ്ധ്യാപക തസ്തികകളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചു വരുന്ന എയ്ഡഡ് സ്കൂളുകൾ എത്ര; ജില്ല തിരിച്ച് അറിയിക്കുമോ; പ്രസ്തുത സ്കൂളുകളിൽ 2014-2015 വിദ്യാഭ്യാസ വർഷത്തിൽ മൊത്തം എത്ര വിദ്യാർത്ഥികൾ ഉണ്ടായിരുന്നു; അതിന്റെയടിസ്ഥാനത്തിലുള്ള അദ്ധ്യാപക തസ്തികകൾ എത്ര; ഇവ ജില്ല തിരിച്ച് അറിയിക്കുമോ; | (എ) | 2014-15 വർഷത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളുടെ എണ്ണവും വിദ്യാർത്ഥികളുടെയും അദ്ധ്യാപക തസ്തികകളുടെയും ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം - 1 ആയി ചേർത്തിട്ടുണ്ട്. ഹയർ സെക്കന്ററി വിഭാഗത്തിൽ 2014-2015 വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടില്ല. സ്കൂളുകളുടെ വിശദവിവരങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു. ഹയർ സെക്കന്ററി വിഭാഗത്തിൽ 2014-2015 അധ്യയന വർഷത്തിൽ മൊത്തം 1,77,251 കുട്ടികൾ ഉണ്ട്. |
| (ബി) | കുട്ടികളുടെ കണക്കെടുപ്പ് വേളയിൽ യു.ഐ.ഡി./ആധാർ നമ്പരുകൾ കൃത്രിമമായി രജിസ്ട്രേഷൻ നടത്തിയ എത്ര സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ആറാം പ്രവൃത്തി ദിനത്തെ റോൾ സ്ട്രെങ്തും പരിശോധനാ ദിവസം ഹാജരായിരുന്ന കുട്ടികളുടെ എണ്ണവും തമ്മിൽ വലിയ പൊരുത്തക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഐ.ടി. @ സ്കൂൾ, ഐ.ടി. മിഷൻ എന്നിവയുടെ സാങ്കേതിക സഹായത്താൽ യു.ഐ.ഡി.യിൽ വ്യാപകമായി കൃത്രിമം നടത്തിയതായി കണ്ടെത്തിയ നെയ്യാറ്റിൻകര ഡി.ഇ.ഒ.യുടെ പരിധിയിൽ വരുന്ന എസ്.എൻ. യു.പി.എസ്. കട്ടച്ചൽകുഴി, എം.സി. എച്ച്.എസ്.എസ്. കോട്ടുകാൽ-ക്കോണം എന്നീ സ്കൂളുകൾക്കെതിരെ ചട്ട പ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം ജില്ലയിലെ എം.എസ്.എം.എച്ച്. എസ്.എസ്. ചാത്തിനാംകുളം സ്കൂളിനെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്. |

ഹയർ സെക്കന്ററി മേഖലയിൽ കൃത്രിമമായി രജിസ്ട്രേഷൻ നടത്തിയതായുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

| | | | |
|---|---|---|---|
| (സി) | എത്ര സ്കൂളുകളിൽ കൃത്രിമം നടന്നിട്ടുണ്ടോ എന്നു പരിശോധന നടത്തുകയുണ്ടായി; അവ ശേഷിക്കുന്നത് എത്ര? | (സി) | സംസ്ഥാനതലത്തിൽ ആകെയുള്ള 7145 എയ്ഡഡ് സ്കൂളുകളിൽ 93 സ്കൂളുകളിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന സൂപ്പർ ചെക്ക് സെൽ പരിശോധന നടത്തിയിട്ടുണ്ട്, |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം - 1</u>

| ക്രമ നമ്പർ | ജില്ല | എയ്ഡഡ് സ്കൂളുകളുടെ എണ്ണം | എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ എണ്ണം (ആറാം പ്രവൃത്തിദിവസത്തെ കണക്കനുസരിച്ച് | അദ്ധ്യാപക തസ്തിക (ഐ.ടി. @ സ്കൂൾ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 360 | 1,28,526 | 4,704 |
| 2 | കൊല്ലം | 437 | 1,42,165 | 4,761 |
| 3 | പത്തനംതിട്ട | 426 | 62,271 | 3,158 |
| 4 | ആലപ്പുഴ | 395 | 1,28,020 | 4,586 |
| 5 | കോട്ടയം | 552 | 1,38,172 | 5,607 |
| 6 | ഇടുക്കി | 255 | 67,811 | 2,827 |
| 7 | എറണാകുളം | 533 | 1,93,319 | 7,116 |
| 8 | തൃശ്ശൂർ | 683 | 2,28,944 | 8,332 |
| 9 | പാലക്കാട് | 579 | 2,04,832 | 7,397 |
| 10 | മലപ്പുറം | 781 | 4,09,364 | 12,870 |
| 11 | കോഴിക്കോട് | 861 | 2,52,786 | 10,035 |
| 12 | വയനാട് | 109 | 49,707 | 1,772 |
| 13 | കണ്ണൂർ | 959 | 1,96,761 | 7,818 |
| 14 | കാസർഗോഡ് | 215 | 67,690 | 2,366 |
| ആകെ | | 7,145 | 22,70,368 | 83,349 |

സെക്ഷൻ ഓഫീസർ,

## അനുബന്ധം - 2

## എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളുടെ വിവരം

| ക്രമ നമ്പർ | ജില്ല | എയ്ഡഡ് സ്കൂളുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 52 |
| 2 | കൊല്ലം | 55 |
| 3 | പത്തനംതിട്ട | 43 |
| 4 | ആലപ്പുഴ | 63 |
| 5 | കോട്ടയം | 69 |
| 6 | ഇടുക്കി | 31 |
| 7 | എറണാകുളം | 87 |
| 8 | തൃശ്ശൂർ | 91 |
| 9 | പാലക്കാട് | 60 |
| 10 | മലപ്പുറം | 84 |
| 11 | കോഴിക്കോട് | 87 |
| 12 | വയനാട് | 19 |
| 13 | കണ്ണൂർ | 59 |
| 14 | കാസർഗോഡ് | 23 |
| | ആകെ | 823 |

സെക്ഷൻ ഓഫീസർ